**പതിനാലാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2061** — **11.06.2018-ൽ മറുപടിക്ക്**

## കെവിന്റെ മരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ടി.ബൽറാം**<br>**,, എ.പി. അനിൽ കുമാർ**<br>**,, അൻവർ സാദത്ത്** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) കോട്ടയത്തെ മാങ്ങാനത്തുള്ള വീട്ടിൽ നിന്നും കെവിനെയും കൂട്ടുകാരൻ അനീഷിനെയും ഗുണ്ടാസംഘം തട്ടികൊണ്ടു പോയ വിവരം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ എത്ര മണിക്കാണ് അറിയിച്ചത്; | (എ) 27/05/2018 തീയതി വെളുപ്പിന് ഉദ്ദേശം 3.30 മണിയ്ക്ക് ഏറ്റുമാനൂർ പോലീസ് സ്റ്റേഷനിൽ നിന്നും ഫോൺ മുഖാന്തിരം അറിയിച്ചിരുന്നു. |
| (ബി) അക്രമിസംഘത്തിന്റെ വണ്ടി നമ്പർ, മൊബൈൽ നമ്പർ എന്നിവ പോലീസിന് കൈമാറിയിരുന്നോ ; | (ബി) കൈമാറിയിരുന്നില്ല. |
| (സി) കെവിന്റെ പിതാവ് എത്ര മണിക്കാണ് പോലീസ് സ്റ്റേഷനിൽ ഹാജരായി തട്ടിക്കൊണ്ടുപോയതായ പരാതി നൽകിയത് ; | (സി) 27/05/2018 തീയതി 07.30 മണിയ്ക്ക് സ്റ്റേഷനിൽ എത്തി പരാതിപ്പെടുകയാണ് ചെയ്തത്. |
| (ഡി) തട്ടിക്കൊണ്ടുപോയ വിവരം അറിയിച്ചിട്ടും മാങ്ങാനം മുതൽ കെവിന്റെ മൃതശരീരം കണ്ടെത്തിയ ചാലിയക്കര തോട് വരെയുള്ള ഭാഗത്തെ ഏതെങ്കിലും പോലീസ് സ്റ്റേഷനുകളിലേക്ക് ഈ വിവരം ഗാന്ധിനഗർ പോലീസ് കൈമാറിയിരുന്നോ; | (ഡി) തെന്മല പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.യെ വിവരം അറിയിച്ചിരുന്നു. |
| (ഇ) തട്ടിക്കൊണ്ടുപോയ വിവരം അറിയിച്ചിട്ടും പതിനഞ്ച് മണിക്കൂറോളം പോലീസ് നിഷ്ക്രിയമായിരുന്നതിന്റെ കാരണമെന്താണ് ; ഈ നിഷ്ക്രിയത്വം ഒരു വിലപ്പെട്ട ജീവൻ നഷ്ടമാക്കുവാൻ ഇടയാക്കിയെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന് ഉത്തരവാദികളായവർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കുമോ? | (ഇ) ഇക്കാര്യത്തിൽ നടപടിയെടുക്കാതിരുന്ന ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. ആയിരുന്ന എം.എസ്.ഷിബു, എ.എസ്.ഐ.(ജി) സണ്ണിമോൻ, എ.എസ്.ഐ.(ജി) ബിജു, സി.പി.ഒ. അജയകുമാർ എന്നിവരെ സസ്പെന്റ് ചെയ്തിട്ടുള്ളതും എ.എസ്.ഐ.(ജി) ബിജു, സി.പി.ഒ. അജയകുമാർ എന്നിവർക്കെതിരെ ക്രൈം 752/18 U/s.384 & 34 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നതുമാണ്. |

Deepak

**സെക്ഷൻ ഓഫീസർ**